പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 358 **13-10-2026-ൽ മറുപടിയ്ക്ക്**

ഡെന്റൽ കോളേജ് വിദ്യാർഥിയായിരുന്ന നിധിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർഥിയായിരുന്ന നിധിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ ആഭ്യന്തര വകുപ്പിന് വീഴ്ച സംഭവിച്ചതായി ബഹു. ഹൈക്കോടതി നിരീക്ഷിച്ചിരുന്നോ;

മറുപടി: നിരീക്ഷിച്ചിരുന്നു.

(ബി) കേസിലെ മുഖ്യപ്രതി ഡോ. എം. കെ. റാമിനെ അറസ്റ്റ് ചെയ്തത് നടപടിക്രമങ്ങളും ബഹു. സുപ്രീംകോടതി നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും പാലിക്കാതെയായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേസിലെ മുഖ്യപ്രതി ഡോ.എം. കെ റാമിന്റെ അറസ്റ്റ് നടപടികളുടെ ഭാഗമായി നൽകിയ സെക്ഷൻ 47 BNSS നോട്ടീസിൽ ബഹു.സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരമുള്ള Ground of arrest and reason for arrest പ്രതിയ്ക്ക് മനസിലാകുന്ന ഭാഷയിൽ അർത്ഥവത്താകുന്ന രീതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരുന്നില്ല.

(സി) പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ മൂലമാണ് പ്രതിക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യം ഉണ്ടായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ഉണ്ട്. അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം അറസ്റ്റ് നിയമവിരുദ്ധമാണെന്ന് കണക്കാക്കി ബഹു. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി 20.07.2026-ന് പ്രതിയെ വിട്ടയച്ചിരുന്നു (Accused is released and set at liberty). തുടർന്ന് - ബഹു. കോടതിയിൽനിന്ന് ഉത്തരവ് ലഭ്യമാക്കിയതിനെത്തുടർന്ന് 23.07.2026-ന് പ്രതിയെ വീണ്ടും അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ